പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2079 | 06/02/2019 ൽ മറുപടി<br>നല്കേണ്ടത്. |

## ഫോർമാലിൻ കലർന്ന മത്സ്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എം.ഷാജി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളിൽ വില്പനയ്ക്കായി എത്തിച്ച ഫോർമാലിൻ കലർന്ന എത്ര കിലോഗ്രാം മത്സ്യം പിടികൂടിയിട്ടുണ്ട്; എവിടെ നിന്നെല്ലാം; സർക്കാരിന്റെ ഏത് വകുപ്പാണ് പിടിച്ചെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) | തിരുവനന്തപുരം ജില്ലയിലെ അമരവിള ചെക്ക്പോസ്റ്റിൽ നിന്നും ആറ് ടൺ മത്സ്യവും കൊല്ലം ജില്ലയിലെ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ നിന്നും 7.5 ടൺ മത്സ്യവും പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക് പോസ്റ്റിൽ നിന്നും 4 ടൺ മത്സ്യവും കൊല്ലത്തുനിന്നും 9 ടൺ മത്സ്യവും വടകരയിൽ നിന്നും 6 ടൺ മത്സ്യവും ഫോർമാലിൻ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. |
| ബി) | ഇത്തരം മാരകവിഷാംശമുള്ള രാസവസ്തുക്കൾ ഐസ്ക്രീം പൗഡറുകളിലും കുപ്പി സർബത്തുകളിലും വരെ ചേർക്കുന്നതും പൗഡറുകളാക്കി പായ്ക്കറ്റിൽ കടകളിൽ വിതരണം ചെയ്യുന്നതും തടയുന്നതിനായി ഇവ നിർമ്മാതാക്കളിൽ നിന്നുതന്നെ പിടിച്ചെടുത്ത് ഭീമമായ പിഴ ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇത്തരം ഭക്ഷ്യ വസ്തുക്കൾ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന സ്ഥലങ്ങളിൽ പരിശോധനകൾ നടത്തി ഗുണനിലവാരം ലംഘിക്കുന്നതായി കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻഓഫീസർ